



# സീഡ്ലെസ് ലെമൺ
*(Citrus sp)*

പേരു സൂചിപ്പിക്കുന്നതു പോലെ അകമേ വിത്ത് അഥവാ കുരു ഇല്ലാത്തയിനം നാരങ്ങ. വിത്തില്ല എന്നതൊഴിച്ചാൽ സാധാരണ നാരങ്ങയിൽ നിന്നും ആകൃതിയിലോ വലുപ്പത്തിലോ വ്യത്യാസമൊന്നുമില്ല. ദീർഘവൃത്താകൃതി സാധാരണയാണ്. കടുംമഞ്ഞനിറമാണ് പുറന്തൊലിക്ക്. Rutaceae എന്ന സസ്യകുടുംബത്തിലാണ് ഉൾപ്പെടുന്നത്.

**ഉത്ഭവം** : തായ്ലൻഡ്

## വിവരണം



### മരം

Rutaceae എന്ന സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന ചെറുമരം, നിത്യഹരിത വൃക്ഷം പടർന്നു പന്തലിക്കുമെങ്കിലും കുത്തനെ വളരുന്ന സ്വഭാവമാണിതിന്. ഏതാനും വലിയ ശാഖകളും കടുപ്പമുള്ള മുള്ളുകളും പതിവാണ്. ഇളം പച്ച നിറത്തിലും ദീർഘവൃത്താകൃതിയിലുമുള്ള ഇലകൾക്ക് താരതമ്യേന വലുപ്പം കൂടുതലാണ്. പർപ്പിൾ അല്ലെങ്കിൽ വെള്ള പൂക്കൾ കുലകളായുണ്ടാകുന്നു.



### പൂക്കൾ

പൂക്കൾക്കു ലഘുസുഗന്ധമുണ്ട്. ഇവ ഒറ്റയായോ രണ്ടോ മൂന്നോ എണ്ണം കുലകളായോ വിരിയുന്നു. ഇലഞെട്ടിൽ നിന്നാണ് പൂക്കളുടെ ഉത്ഭവം. പൂമൊട്ടിനു ചുവപ്പു നിറം, വിരിയുമ്പോൾ നാലോ അഞ്ചോ ഇതളുകൾ. പൂക്കൾക്ക് രണ്ടു സെന്റിമീറ്റർ (മുക്കാൽ ഇഞ്ച്) നീളം. പൂക്കളുടെ ഉൾഭാഗത്തിനു വെളുപ്പും അടിഭാഗത്തിന് പർപ്പിളും നിറം. ഓരോ പൂവിലും ഒന്നായി നിൽക്കുന്ന 20-40 കേസരങ്ങളും അവയിൽ മഞ്ഞ നിറത്തിലുള്ള പൂമ്പൊടിയുമുണ്ടാകും.

### പഴം

പഴങ്ങൾക്ക് നീണ്ടുരുണ്ട ആകൃതിയാണ്. പുറന്തൊലിക്ക് തുടക്കത്തിൽ നിറം പച്ച, മൂപ്പെത്തുന്നതനുസരിച്ച് നിറം മഞ്ഞയായി മാറുന്നു. അകമേ വിവിധ ഖണ്ഡങ്ങളായി തിരിച്ച രീതിയിൽ കാണപ്പെടുന്ന കാമ്പിനു നിറം ഇളം മഞ്ഞ.



## നടീൽ പരിചരണം

**നടീൽ വസ്തു** : കായിക പ്രവർധനം (ഗ്രാഫ്റ്റ് തൈകൾ)

**നടീൽ രീതി** : തടങ്ങളിലും ചാലുകളെടുത്തു കൃഷി ചെയ്യാം. ചെരിവു ഭൂമിയിൽ തട്ടുതിരിച്ച് കൃഷി

**കുഴിയുടെ അളവ്** : രണ്ട് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ സ്വഭാവം** : ഭാഗികമായി പന്തലിച്ചത്

**ഇലത്തഴപ്പിന്റെ ഉയരം** : 8-10 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഒന്നിലധികം വിളവെടുപ്പ്

**അനുയോജ്യ നടീൽ പ്രദേശം** : താഴ്വാര മേഖലകൾ, നിരപ്പായ പ്രദേശങ്ങൾ, നല്ല ചെരിവോടു കൂടിയ മലയോര മേഖലകൾ




## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : പൂർണ സൂര്യപ്രകാശം
- **ജലസേചനം** : കായ്പിടിക്കുന്ന സമയത്ത് ജലസേചനം ശുപാർശ ചെയ്തിരിക്കുന്നു
- **മണ്ണിന്റെ സ്വഭാവം** : പൊതുവേ ഏതു തരം മണ്ണിലും വളരും
- **താപനില** : 22-38 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 60-80%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2300 അടി വരെ
- **മഴ** : 1000-2500 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും 8 അടി
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം
- **മൂല്യവർധനയുടെ സാധ്യതകൾ** : നീരെടുക്കൽ, അച്ചാർ നിർമാണം

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 80 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 2 കി. ഗ്രാം | 3 കി. ഗ്രാം | 6 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 3 ലിറ്റർ |
| രണ്ടാം വർഷം | 5 ലിറ്റർ |
| മൂന്നാം വർഷം | 8 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

**നീരൂറ്റി കുടിക്കുന്ന കീടങ്ങൾ** : പത്തു മില്ലിലിറ്റർ വെർട്ടിസിലിയം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക.

**മൃദുപൂപ്പ്** : മൂന്നു ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക



Document Prepared by

Research and Development department
Homegrown Biotech
Ph: +91 9562066333